# കേരള സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ

## വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കുകളും

**2024-2025**



## വാർഷിക പൊതുയോഗം:

**വൈ എം സി എ ഹാൾ, തിരുവനന്തപുരം**

**2025 നവംബർ-19 ബുധനാഴ്ച പകൽ 11 മണി**

www.ksscpa.org



ബഹു: കായിക വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ അവർകളെ സ്പോർട്ട് സ് കൗൺസിൽ
പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡൻ്റ് പി. അനിലാൽ ഷാൾ അണിയിച്ച് ആദരിക്കുന്നു



അത്‌ലറ്റിക് കോച്ച് ശ്രീ. ടി. പി. ഔസേപ്പ് രാഷ്ട്രപതി
ശ്രീ. രാംനാഥ് കോവിന്ദിൽ നിന്നും ദ്രോണാചാര്യ
അവാർഡ് ഏറ്റു വാങ്ങുന്നു.



അത്‌ലറ്റിക് കോച്ച് ശ്രീ. രാധാകൃഷ്ണൻ നായർ
രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദിൽ നിന്നും
ദ്രോണാചാര്യ അവാർഡ് ഏറ്റു വാങ്ങുന്നു.

# ഔദ്യോഗിക ഭാരവാഹികൾ – 2024 – 25




**P ANILAL**
PRESIDENT



**C JAYAN**
SECRETARY



**DR. K RAJEEVAN**
TREASURER



**S S THARA**
VICE-PRESIDENT



**N LAWRENCE**
VICE PRESIDENT



**S K JAWAHAR**
JOINT SECRETARY



**K V MURALEEDHARAN NAIR**
Member, Exe. committee



**S.SASIDHARAN NAIR**
Member, Exe. committee




**M S PAVANAN**
Member, Exe. committee



**T A THARADEVI**
Member, Exe. committee



**T BABUCHANDRAN NAIR**
Member, Exe. committee



# സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സർട്ടിഫിക്കറ്റ്

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ്

ക്രമ നമ്പർ T. 1288 വർഷം 1991

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് അനുസരിച്ച് കേരളാ സ്പോർട്ട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ, തിരുവനന്തപുരം എന്നേ ദിവസം രജിസ്റ്റർ ചെയ്തതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് -ാമാണ്ട് ഓഗസ്റ്റ് മാസം പതിനൊന്നാം തീയതിയായ ഇന്ന് ഞാൻ കൈയൊപ്പുവച്ചു നൽകിയിരിക്കുന്നു.

സംഘം രജിസ്ട്രാർ.

GPT. 26/1749/89/V. 100,000.



പി.അനിലാൽ, MBA
പ്രസിഡന്റ്

പ്രിയ പെൻഷനേഴ്സ് അംഗങ്ങളെ,

കേരള സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ എന്ന പേരിൽ ഒരു സംഘടന രൂപം കൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ടു കഴിയുന്നു. 1999ൽ 17 അംഗങ്ങളുമായി തുടക്കം കുറിച്ച സംഘടനയിൽ ഇന്ന് 217 പെൻഷൻകാരാണ് ഉള്ളത്. ആയിരക്കണക്കിന് അംഗങ്ങളുള്ള മറ്റ് സർവ്വീസ് സംഘടനകളിൽ നിന്നും നമ്മെ വ്യത്യസ്ഥരാക്കുന്നത് നമ്മുടെ സംസ്ഥാനത്തിനു വേണ്ടിയും, ഭാരതത്തിനു വേണ്ടിയും അഭിമാനകരമായ സംഭാവനകൾ നൽകിയവർ ഉൾപ്പെടുന്ന ഒരു സ്പോർട്സ് കൂട്ടായ്മ എന്നതാണ് . 25 വർഷം കൊണ്ടുള്ള വളർച്ചയുടെ പടവുകളിൽ നമ്മുടെ മുൻഗാമികളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങളെ സ്മരിക്കുന്നു. ഒരു ചെടിയായി നട്ടുവളർത്തിയ തൈമരം വളർന്ന് പന്തലിച്ച് നമ്മുടെ അംഗങ്ങൾക്ക് മാത്രമല്ല, സമൂഹത്തിനൊട്ടാകെ സേവനത്തിന്റെ സൗരഭ്യം വിതറുന്ന വർണ്ണ പുഷ്പങ്ങൾ വടർത്തി ഒരു വൻമരമായി വളർന്നു കഴിഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനകൾ നൽകി പങ്കാളികളായ നമ്മുടെ പെൻഷൻകാരെ ഇത്തരുണത്തിൽ നന്ദിയോടെ സമരിക്കുന്നു.

നവംബർ 19ന് നടക്കുന്ന വാർഷിക പൊതുയോഗത്തിൽ വച്ച് നമ്മുടെ അസോസിയേഷന്റെ വെബ്സൈറ്റിന്റെ ഉദ്ഘാടനം നടക്കുകയാണല്ലൊ. ഇതോടെ സംഘടനാ പ്രവർത്തനം കാലാനുസൃതമായി പരിവർത്തനപ്പെടുകയാണ്. ഏതു ലോകരാജ്യങ്ങളിൽ നിന്നുപോലും നമ്മുടെ അഭ്യുദയ കാംക്ഷികൾക്കും, മറ്റു കായിക സംഘടനകൾക്കും, നമുക്കേവർക്കും നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങളെ അറിയുവാനും, വിലയിരുത്തുവാനും അംഗങ്ങളുമായി ബന്ധം പുലർത്തുവാനും ഒക്കെ ഇതിലൂടെ കഴിയുമല്ലൊ.

പെൻഷനേഴ്സ് അംഗങ്ങളിൽ ഭൂരിഭാഗവും ജീവിത സായാഹ്നത്തിലൂടെ സഞ്ചരിക്കുന്നവർ ആണ്. അതുകൊണ്ടുതന്നെ അവരിൽ ഒട്ടനവധി പേരും ദുരിതവും, ദുഃഖവും അനുഭവിക്കുന്നവരുമാണ്. അവർക്കൊക്കെ ആശ്വാസത്തിന്റെ പ്രതീക്ഷയായ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അകാരണമായി മുടങ്ങുന്നത് ഏറെ ദുഃഖകരമാണ്. ഇത്തരം സന്ദർഭങ്ങളിലെല്ലാം അസോസിയേഷന് അവർക്ക് താങ്ങും തണലുമായി പ്രവർത്തിക്കുവാൻ കഴിയുന്നു എന്നതിൽ പ്രസിഡന്റ് എന്ന നിലയിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഈ സന്ദർഭങ്ങളിൽ നിസ്വാർത്ഥതയോടെ കർമ്മനിരതരായി പ്രവർത്തിക്കുന്ന സെക്രട്ടറി ശ്രീ. സി.ജയൻ, ജോയിന്റ് സെക്രട്ടറി ശ്രീ. എസ്.കെ. ജവഹർ, ബഹു: അംഗം ശ്രീ.ഷാജി പി. മുഹമ്മദ് എന്നിവരെ എത്ര പ്രശംസിച്ചാലും അധികമാവില്ല. മുഴുവൻ സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കും ലഭിക്കുവാനുള്ള പത്താം ശമ്പള കമ്മീഷൻ കുടിശികയും, 2014നു ശേഷം പെൻഷൻ ആയവരുടെ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയ ബഹു: സംസ്ഥാന സർക്കാരിനെയും യഥാസമയം സർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തിയ ബഹു: കായിക വകുപ്പുമന്ത്രി ശ്രീ. അബ്ദുൾ റഹിമാൻ അവർകളെയും , നന്ദിപൂർവ്വം സ്മരിക്കുന്നു.

സ്നേഹാദരങ്ങളോടെ,



പി.അനിലാൽ
പ്രസിഡന്റ്

**No.KSSCPA/49/2025** **04-11-2025**

# നോട്ടീസ്

പ്രിയ സുഹൃത്തേ,

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ വാർഷിക പൊതുയോഗം 2025 നവംബർ- 19നു ബുധനാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ വച്ചു ചേരുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിക്കുന്നു.

താങ്കൾ കൃത്യസമയത്തുതന്നെ ഹാജരായി യോഗത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## അജണ്ട

01. ഈശ്വരപ്രാർത്ഥന : ഗാനഭൂഷണം ഡോ: കെ.രാധാകൃഷ്ണൻ
02. അനുശോചനങ്ങൾ :
03. സ്വാഗതം : ശ്രീ. സി. ജയൻ, സെക്രട്ടറി
04. അദ്ധ്യക്ഷ പ്രസംഗം : ശ്രീ. പി. അനിലാൽ, പ്രസിഡന്റ്,
05. വാർഷിക പൊതുയോഗത്തിന്റെ. ഉത്ഘാടനം : ശ്രീ. എം.ആർ രഞ്ജിത്ത് (വൈസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ)
06. വെബ്ബ് സൈറ്റ് ലോഞ്ചിംഗ് ശ്രീമതി. ജാസ്മിൻ ബി, കെ.എ.എസ്. അസ്സി: സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ)
07. അനുമോദനങ്ങൾ:
08. മുതിർന്ന പെൻഷൻകാരെ ആദരിക്കൽ :
09. കഴിഞ്ഞ വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് ചർച്ച ചെയ്ത് അംഗീകരിക്കുക.
10. 2024-25-ലെ വാർഷിക റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിക്കുക.
11. 2024-25-ലെ വാർഷിക വരവു ചെലവു കണക്കുകൾ ചർച്ച ചെയ്ത് അംഗീകരിക്കുക.
12. ഇതര വിഷയങ്ങൾ (അദ്ധ്യക്ഷന്റെ അനുമതിയോടെ)
13. 2025-2027-ലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് :
14. ആശംസകൾ:
15. കൃതജ്ഞത:
16. ദേശീയ ഗാനം:

സി. ജയൻ
സെക്രട്ടറി

**2024 നവംബർ 14 വ്യാഴാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ. കോൺഫ്രൻസ് ഹാളിൽ വച്ചു ചേർന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗത്തിന്റെ നടപടിക്കുറിപ്പ്**

**യോഗത്തിൽ ഹാജരായ അംഗങ്ങൾ:**

| | |
|---|---|
| 1. ശ്രീ. ബാബുചന്ദ്രൻ നായർ റ്റി | ഒപ്പ് |
| 2. ശ്രീ. ജോസഫ് മാത്യു | ഒപ്പ് |
| 3. ശ്രീ. മധുസൂദനൻ പാലക്കാട് | ഒപ്പ് |
| 4. ശ്രീ. സി. രാമചന്ദ്രൻ നായർ | ഒപ്പ് |
| 5. ശ്രീ.എൻ ലോറൻസ് | ഒപ്പ് |
| 6. ശ്രീ. ബാലൻ യു.കെ. | ഒപ്പ് |
| 7. ശ്രീ.മനോജ് എസ് | ഒപ്പ് |
| 8. ശ്രീ.ജനാർദ്ധനൻ പി.വി | ഒപ്പ് |
| 9. ശ്രീ. സോഹൻകുമാർ ആർ. | ഒപ്പ് |
| 10. ശ്രീ. എം.രാമചന്ദ്രൻ | ഒപ്പ് |
| 11. ശ്രീ. നാസർ എ. | ഒപ്പ് |
| 12. ശ്രീ. പി. ആർ. തമ്പി | ഒപ്പ് |
| 13. ശ്രീ. ഒ.എസ്. ചന്ദ്രൻ | ഒപ്പ് |
| 14. ശ്രീ. ഡോ.കെ. രാധാകൃഷ്ണൻ | ഒപ്പ് |
| 15. ശ്രീ.എസ് സുകുമാരൻ നായർ | ഒപ്പ് |
| 16. ശ്രീ.എസ്. ശശിധരൻ നായർ | ഒപ്പ് |
| 17. ശ്രീ.എൻ. ജയകുമാർ | ഒപ്പ് |
| 18. ശ്രീ. കെ.വി. മുരളീധരൻ നായർ | ഒപ്പ് |
| 19. ശ്രീ.ആർ. ശിവരാമകൃഷ്ണൻ | ഒപ്പ് |
| 20. ശ്രീ.താരാദേവി. റ്റി.എ. | ഒപ്പ് |
| 21. ശ്രീമതി. അന്നമ്മ സി.സി. | ഒപ്പ് |
| 22. ശ്രീ.ഗോപിനാഥ് എസ്. | ഒപ്പ് |
| 23. ശ്രീ. എം.എസ്. പവനൻ | ഒപ്പ് |
| 24. ശ്രീ. ജി. മോഹനൻ | ഒപ്പ് |
| 25. ശ്രീമതി. പി. വിജയലക്ഷ്മി | ഒപ്പ് |
| 26. ശ്രീ.മധുകുമാർ ജെ.ളി. | ഒപ്പ് |
| 27. ശ്രീമതി. സുമ അമ്പിളികുമാർ | ഒപ്പ് |
| 28. ശ്രീ.ബേബി കെ | ഒപ്പ് |
| 29. ശ്രീ.എസ് രാജേന്ദ്രൻ നായർ | ഒപ്പ് |
| 30. ശ്രീ. എസ്. സോമൻ | ഒപ്പ് |
| 31. ശ്രീ. ബിനോയ് സി. ജെയിംസ് | ഒപ്പ് |
| 32. ശ്രീ.സൈമൺ | ഒപ്പ് |
| 33. ശ്രീ.ബിജു മാത്യു | ഒപ്പ് |
| 34. ശ്രീ.പി.എ. തോമസ് | ഒപ്പ് |
| 35. ശ്രീ.പി.പ. തോമസ് | ഒപ്പ് |
| 36. ശ്രീ.ബാലൻ നമ്പ്യാർ | ഒപ്പ് |

37. ശ്രീ.ജി.ഒ. സഹദേവൻ ഒപ്പ്
38. ശ്രീ.വി.എം. ശ്രീകുമാർ ഒപ്പ്
39. ശ്രീ. മുരളീധരൻ പാലാട്ട് ഒപ്പ്
40. ശ്രീ.ഡോ:ജോർജ്ജ് ഇമ്മാനുവൽ ഒപ്പ്
41. ശ്രീ.സുരേന്ദ്രൻ ഒപ്പ്
42. ശ്രീ.ബേബി ജോസഫ് ഒപ്പ്
43. ശ്രീ.ഗണേശൻ ഒപ്പ്
44. ശ്രീ. മോഹനൻ ജി. ഒപ്പ്
45. ശ്രീ.സെയ്ദ് അബ്ദുള്ള ഒപ്പ്
46. ശ്രീമതി താര എസ്.എസ്. ഒപ്പ്
47. ശ്രീ.സുനിൽ ദത്ത് ഒപ്പ്
48. ശ്രീ.കെ.ഐ. ഗോപാലകൃഷ്ണപിള്ള ഒപ്പ്
49. ശ്രീ.പി. പ്രഭാകരൻ നായർ ഒപ്പ്
50. ശ്രീ.എം.എൽ. നരേന്ദ്രൻ ഒപ്പ്
51. ശ്രീ.ശ്രീകുമാർ കെ.എസ്. ഒപ്പ്
52. ശ്രീ.ചന്ദ്രശേഖരൻ നായർ ഒപ്പ്
53. ശ്രീ.വിൻസന്റ് ഡിക്രൂസ് ഒപ്പ്
54. ശ്രീ.ജോതി പി.ബി. ഒപ്പ്
55. ശ്രീ.രവീന്ദ്രൻ എസ്. ഒപ്പ്
56. ശ്രീ.ബി ശ്രീധരൻ നായർ ഒപ്പ്
57. ശ്രീമതി. ഗിരിജാ കുമാരി പി.വി. w/oMNC ഒപ്പ്
58. ശ്രീ.രാധാകൃഷ്ണൻ ഒപ്പ്
59. ശ്രീ.പി.കൃഷ്ണകുമാർ ഒപ്പ്
60. ശ്രീ.പി. വേണു ഗോപാലപിള്ള ഒപ്പ്
61. ശ്രീ.സജീവ് എ. ഒപ്പ്
62. ശ്രീ.എം. ദാമോദരൻ പിള്ള ഒപ്പ്
63. ശ്രീ. ജയസിംഹൻ ഒപ്പ്
64. ശ്രീ.കെ. ബാലചന്ദ്രൻ നായർ ഒപ്പ്
65. ശ്രീമതി.ലത എസ്. ഒപ്പ്
66. ശ്രീ.അജിത്കുമാർ ഒപ്പ്
67. ശ്രീ.മധുകുമാർ ബി. ഒപ്പ്
68 ശ്രീ. നരേന്ദ്ര നാഥ് എസ് ഒപ്പ്
69. ശ്രീമതി. ജി. കോമളം ഒപ്പ്
70. ശ്രീമതി.ലീലാമണി അമ്മ ഡി. ഒപ്പ്
71. ശ്രീ. ഡോ. രാജീവൻ കെ. ഒപ്പ്.
72. ശ്രീ.ഇ. ബെവിൻ ചാക്കോ ഒപ്പ്
73. ശ്രീ.ജി. ശ്രീകുമാർ ഒപ്പ്
74. ശ്രീ.ഷാജി പി. മുഹമ്മദ് ഒപ്പ്
75. ശ്രീ. ഇ. ജെ. ജോർജ്ജ് ഒപ്പ്
76. പി. മാധവദാസ് ഒപ്പ്

| | |
|---|---|
| **77. ശ്രീ.എം.ഡി. മാത്യു** | **ഒപ്പ്** |
| **78. ശ്രീ.മോഹനചന്ദ്രൻ** | **ഒപ്പ്** |
| **79. ശ്രീ.പി. മാധവദാസ്** | **ഒപ്പ്** |
| **80. ശ്രീമതി. ജി.എൻ. ഓമന.** | **ഒപ്പ്** |
| **81. ശ്രീ.എൻ. മോഹനൻ ആശാരി** | **ഒപ്പ്** |
| **82. ശ്രീ. സതീവൻ ബാലൻ** | **ഒപ്പ്** |
| **83. ശ്രീ.അനിലാൽ പി.** | **ഒപ്പ്** |
| **84. ശ്രീ. എസ്.കെ. ജവഹർ** | **ഒപ്പ്** |

പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി. അനിലാൽ അവർകളുടെ അദ്ധ്യക്ഷതയിൽ 11 മണിക്ക് ബഹു: അംഗം ശ്രീ. രാധാകൃഷ്ണന്റെ ഈശ്വര പ്രാർത്ഥനയോടെ, യോഗ നടപടികൾ ആരംഭിച്ചു. ബഹു: കേരള സംസ്ഥാന കായിക വകുപ്പു മന്ത്രി ശ്രീ. വി. അബ്ദു റഹിമാൻ അവർകൾ വിശിഷ്ടാതിഥിയായി യോഗത്തിൽ പങ്കെടുത്തു.

**അനുശോചന പ്രമേയം:**

പെൻഷനേഴ്സ് അസോസിയേഷൻ അംഗങ്ങളും ഫുട്ബോൾ പരിശീലകരുമായി രുന്ന ശ്രീ.കെ. ചാത്തുണ്ണി, ശ്രീ. ഷാജി. സി. ഉമ്മൻ, ശ്രീ. കെ.കെ. ഗോപാലകൃഷ്ണൻ, സ്പോർട്സ് കൗൺസിൽ അസ്സി: സെക്രട്ടറിയായിരുന്ന ശ്രീ. എ. മുരളീധരൻ നായർ എന്നിവരുടെ വേർപാട് വളരെ ദുഖ:കരമാണെന്നും, കേരളകായിക മേഖലക്ക് ഇവരുടെ വേർപാട് തീരാ നഷ്ടമാണെന്നും പരേതരുടെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് ഒരു മിനിറ്റ് മൗനം ആചരിക്കുവാൻ അദ്ധ്യക്ഷൻ ശ്രീ. പി. അനിലാൽ യോഗാംഗങ്ങളോട് അറിയിച്ചു. മുഴുവൻ അംഗങ്ങളും എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.

തുടർന്ന് പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. സി. ജയൻ യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു.

തുടർന്നു പ്രസിഡന്റ് ശ്രീ. പി. അനിലാൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ യഥാസമയം പെൻഷൻ ലഭിക്കാത്തതുകൊണ്ട് സ്പോർട്സ് കൗൺസിൽ പെൻഷൻകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിവരിച്ചു. പെൻഷൻ കാർക്കു ലഭിക്കുവാനുള്ള പത്താം ശമ്പള കമ്മീഷൻ കുടിശിക, 2014 മുതൽ 2024 വരെ പെൻഷനായവർക്കു ലഭിക്കുവാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും നടപ്പിലാക്കാത്തതു സംബന്ധിച്ചുള്ള വിവരവും ബഹു: മന്ത്രിയുടെ അറിവിലേക്കായി അദ്ധ്യക്ഷൻ വിവരിച്ചതിനു ശേഷം വാർഷിക പൊതുയോഗം ഉത്ഘാടനം ചെയ്യുന്നതിനായി ബഹു: കായിക വകുപ്പു മന്ത്രി അവർകളെ അദ്ധ്യക്ഷൻ ആദര പൂർവ്വം ക്ഷണിച്ചു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗത്തിന്റെ ഉത്ഘാടനം ബഹു: മന്ത്രി കരഘോഷങ്ങളുടെ അകമ്പടിയോടെ നിർവ്വഹിച്ചു.

സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും, അടിയന്തിരമായി അതു പരിഹരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണെന്നും ബഹു: മന്ത്രി അറിയിച്ചു

1. **തുടർന്ന് മുതിർന്ന പെൻഷൻകാരെ ചടങ്ങിൽ ആദരിച്ചു.**

2. പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. ജി. സുരേഷ് രാജിവച്ച ഒഴിവിലേക്ക് ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. സി. ജയൻ അവർകൾക്ക് സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകിയതിന് വാർഷിക പൊതുയോഗം പൂർണ്ണ അംഗീകാരം നൽകി.
3. അംഗങ്ങൾക്കു വിതരണം ചെയ്ത കഴിഞ്ഞ വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് സെക്രട്ടറി വായിച്ചു. മിനിട്സ് അംഗീകരിക്കാമെന്ന് ശ്രീ. ജയകുമാർ അറിയിച്ചു. ശ്രീ. രാധാകൃഷ്ണൻ പിന്താങ്ങി. മിനിട്സ് യോഗം ഐകകണ്ഠേന അംഗീകരിച്ചു.
4. അംഗങ്ങൾക്കു വിതരണം ചെയ്ത 2023-24-ലെ വാർഷിക റിപ്പാർട്ട് സെക്രട്ടറി വായിച്ചു.
റിപ്പോർട്ട് അംഗീകരിക്കാമെന്ന് ശ്രീ. പി.പി. തോമസ് അറിയിച്ചു. ശ്രീ. ബേബി ജോസഫ് പിന്താങ്ങി. വാർഷിക റിപ്പോർട്ട് യോഗം ഐകകണ്ഠേന അംഗീകരിച്ചു.
5. അംഗങ്ങൾക്കു വിതരണം ചെയ്ത 2023-24 -ലെ വാർഷിക വരുവു ചെലവു കണക്കുകൾ
ട്രഷറർ ശ്രീ. കെ. രാജീവൻ വായിച്ചു. വാർഷിക വരവു ചെലവു കണക്കുകൾ അംഗീകരിക്കാമെന്ന് ശ്രീ. എസ്. മനോജ് അറിയിച്ചു. ശ്രീമതി വിജയ ലക്ഷ്മി പിന്താങ്ങി. വാർഷിക വരവു ചെലവു കണക്കുകൾ യോഗം ഐകകണ്ഠേന അംഗീകരിച്ചു.
6. 1999 ആഗസ്റ്റ് 11-ന് 01288 നമ്പരായി കേരള സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ 1955-ലെ 12-മത് തിരുവിതാംകൂർ കൊച്ചി സാഹിത്യ , ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. നാളിതു വരെയും യഥാസമയം വാർഷിക റിപ്പോർട്ട്, വരവു ചെലവുകണക്കുകൾ എന്നിവ രജിസ്ട്രാർക്കു നൽകാത്തതിനാൽ അസോസിയേഷന്റെ അംഗീകാരം മരവിപ്പിച്ചിരിക്കുക യാണ്. ആയത് പുന:സ്ഥാപിക്കേണ്ടതുണ്ട്. ആയതിന് സെക്രട്ടറി ശ്രീ. സി.ജയൻ, ട്രഷറർ ശ്രീ. കെ.രാജീവൻ എന്നിവരെ യോഗം ചുമതലപ്പെടുത്തി.
7. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ പേരിൽ അംഗങ്ങളുടെ മുഴുവൻ വിവരങ്ങളുമടങ്ങിയ ഒരു വെബ്ബ് സൈറ്റ് തുടങ്ങുന്നതിനുള്ള എക്സിക്യൂട്ടീവ് തീരുമാനം പൊതുയോഗം ഐകകണ്ഠേന ശരിവച്ചു.
വെബ്ബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ മുഴുവൻ അംഗങ്ങളുടെയും ഫോട്ടോ, പേര്, മേൽവിലാസം, ഫോൺ നമ്പർ, നോമിനിയുടെ അഥവാ ഫാമിലി പെൻഷൻനറുടെ പേര്, ഫോൺ നമ്പർ എന്നിവ പെൻഷൻ ഗ്രൂപ്പിലേക്ക് അയച്ചു തരേണ്ടതാണെന്നും തീരുമാനിച്ചു.
8. തുടർന്ന് ട്രഷറർ ശ്രീ.കെ. രാജീവൻ കൃതജ്ഞത രേഖപ്പെടുത്തി.
ദേശീയ ഗാനത്തോടുകൂടി യോഗനടപടികൾ 1.30ന് സമാപിച്ചു.

| | | |
|---|---|---|
| ശ്രീ. പി. അനിലാൽ<br>പ്രസിഡന്റ് | ശ്രീ. സി.ജയൻ,<br>സെക്രട്ടറി. | Dr. Rajeevan. K.<br>ശ്രീ. കെ.രാജീവൻ,<br>ട്രഷറർ |

**പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക റിപ്പോർട്ട്-2024-25**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ 2024-25-ലെ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കുകളും അംഗങ്ങളുടെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.**

**ഔദ്യോഗിക ഭാരവാഹികൾ:**

| | |
|---|---|
| 1പ്രസിഡന്റ് | : പി അനിലാൽ |
| 2.വൈസ്-പ്രസിഡന്റുമാർ: | 1. ശ്രീ.എൻ. ലോറൻസ്, |
| | 2. ശ്രീമതി എസ്.എസ്. താര |
| 3. സെക്രട്ടറി | ശ്രീ. സി. ജയൻ |
| 4. ജോയിന്റ് സെക്രട്ടറി: | ശ്രീ. എസ്. കെ. ജവഹർ |
| 5. ട്രഷറർ | ശ്രീ. ഡോ: കെ. രാജീവൻ |
| 6. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: | 1. ശ്രീ. എസ്. ശശിധരൻ നായർ |
| | 2. ശ്രീ.കെ.വി.മുരളീധരൻ നായർ |
| | 3. ശ്രീ. എം.എസ് പവനൻ |
| | 4. ശ്രീമതി. റ്റി.എ. താരാദേവി. |
| | 5. ശ്രീ. ബാബുചന്ദ്രൻ നായർ. |

**1. 2024-25 വർഷങ്ങളിലും പെൻഷൻ തുടർച്ചയായി മുടങ്ങി.**

**2024 നവംബർ 14നു വൈ.എം.സി.എ. ഹാളിൽ ചേർന്ന വാർഷിക പൊതുയോഗം ബഹു: കായിക വകുപ്പു മന്ത്രി ശ്രീ. വി. അബ്ദുറഹ്മാൻ അവർകളാണ് ഉത്ഘാടനം ചെയ്തത്. ടി അവസരത്തിൽ വേദിയിലും സദസിലുമുള്ള പെൻഷനേഴ്സ് അംഗങ്ങൾ പെൻഷൻ തുടർച്ചയായി മുടങ്ങുന്നത് തങ്ങളുടെ പൊതു ജീവിതത്തെ സാരമായി ബാധിക്കുന്നതായി വളരെ വികാര പൂർവ്വം തന്നെ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.**

**മരുന്നിനും, നിത്യനിദാന ചെലവുകൾക്കുമുള്ള ഏക ആശ്രയമായ പ്രതിമാസ പെൻഷൻ 2 വർഷം മുൻപുവരെ ലഭിച്ചുകൊണ്ടിരുന്നതുപോലെ മുടങ്ങാതെ എല്ലാ മാസവും ലഭ്യമാക്കണമെന്നും, പത്താം ശമ്പള കമ്മീഷൻ കുടിശികയും, 2014നു ശേഷം സ്പോർട്സ് കൗൺസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും അടിയന്തിരമായി സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കു നൽകണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടു കൊണ്ടുള്ള ബഹു: ഹൈക്കോടതി വിധി അടിയന്തിരമായി നടപ്പിലാക്കണമെന്നു കാണിച്ചുകൊണ്ടുള്ള കത്തും വേദിയിൽ വച്ചു തന്നെ ബഹു: കായിക വകുപ്പു മന്ത്രി അവർകൾക്കു നൽകുകയുണ്ടായി.**

പ്രതിമാസ പെൻഷൻ എല്ലാ മാസവും മുടങ്ങാതെ തുടർച്ചയായി ലഭിക്കുന്നതിനും, ബഹു: ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി അടിയന്തിര പരിഹാരാമുണ്ടാക്കാൻ നടപടി സ്വികരിക്കുമെന്നും മറുപടി പ്രസംഗത്തിൽ ബഹു: മന്ത്രി ഉറപ്പും നൽകിയിരുന്നു. ടി കത്തിന്റെ പകർപ്പുകൾ ബഹു: മുഖ്യ മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി എന്നിവർക്കും നൽകുകയുണ്ടായി.

2. പെൻഷൻ ആനുകൂല്യങ്ങൾ, സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കു ലഭിക്കവാനുള്ള പത്താം ശമ്പള കമ്മീഷൻ കുടിശിക എന്നിവ അനുവദിച്ചു.

ബഹു മന്ത്രി സർക്കാർ തലത്തിൽ ആത്മാർത്ഥമായി ഇടപെടുകയും ചെയ്തു. ആയതിന്റെ ഫലമായി 2014 മുതൽ വിരമിച്ച ജീവനക്കാർക്കു ലഭിക്കുവാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ, സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കുലഭിക്കവാനുള്ള പത്താം ശമ്പള കമ്മീഷൻ കുടിശിക എന്നിവ അനുവദിക്കുന്നതിനായി സ്പോർട്സ് കൗൺസിലിൽ നിന്നും നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ പെൻഷൻകാർക്കും നൽകുന്നതിനായി സ.ഉ.(കൈ) നം.2/2025/S&YA തീയതി: തിരുവനന്തപുരം 19-04-2025 പ്രകാരം 11,28,15,304രൂപ (പതിനൊന്നു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റിനാലു രൂപ മാത്രം) സർക്കാർ അനുവദിക്കുകയുണ്ടായി.

3. ബഹു: കായിക വകുപ്പു മന്ത്രി ശ്രീ. വി. അബ്ദുൾ റഹിമാൻ അവർകളെ ആദരിച്ചു.

2014 മുതൽ വിരമിച്ച ജീവനക്കാർക്കു ലഭിക്കുവാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ, സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കുലഭിക്കവാനുള്ള പത്താം ശമ്പള കമ്മീഷൻ കുടിശിക എന്നിവ അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തി സ്പോർട്സ് കൗൺസിൽ പെൻഷൻകാരുകാരുടെ ആനുകൂല്യങ്ങൾക്കായി 11,28,15,304രൂപ (പതിനൊന്നു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റിനാലു രൂപ മാത്രം) അനുവദിക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ച ബഹു: കായിക വകുപ്പു മന്ത്രി ശ്രീ. വി. അബ്ദുൾ റഹിമാൻ അവർകളെ സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഷാൾ അണിയിച്ച് ആദരിച്ചു. സെക്രട്ടറി സി.ജയൻ, ട്രഷറർ കെ.രാജീവൻ, ജോ:സെക്രട്ടറി എസ്.കെ. ജവഹർ, ഷാജി. പി. മുഹമ്മദ് എന്നിവർ പങ്കെടുത്തു.

4. പെൻഷൻ ആനുകൂല്യങ്ങളുടെ തുക 4 ഗഡുക്കളായി അനുവദിക്കുവാൻ തീരുമാനിച്ചു.

**സർക്കാരിന് സാമ്പത്തിക പരാധീനതകൾ ഉള്ളതിനാൽ 25% വീതമുള്ള 4 ഗഡുക്കളായി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ തീരുമാനിക്കുകയും, ആയതിലേക്ക് സ.ഉ.(സാധാ) നം.147/2025/S&YA തീയതി: തിരുവനന്തപുരം : 30-05-2025 ഉത്തരവു പ്രകാരം 2,82,04,00രൂപ (രണ്ടു കോടി എൺപത്തിരണ്ടു ലക്ഷത്തി നാലായിരം രൂപ) മാത്രം ഒന്നാം ഗഡു നൽകുന്നതിനായി അനുവദിച്ചുത്തരവായി.**

**ടി ഉത്തരവിൽ പരാമർശം 1-ൽ പറഞ്ഞിട്ടുള്ള 30-05-2024-ലെ കെ.എസ്.എസ്.സി./എഫ്-2/2427/20222 നമ്പർ കത്തിനോടൊപ്പം ബഹു: സ്പോർട്സ് കൗൺസിൽ സെക്രട്ടറി സർക്കാരിലേക്ക് അയച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം അനുവദിക്കേണ്ടതാണെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതുമാണ്.**

**5. ആനുകല്യങ്ങൾക്കായി അനുവദിച്ച 25% തുക ലഭിച്ചപ്പോൾ 24%മായി കുറഞ്ഞു.**

ആനുകൂല്യങ്ങൾ 4 ഗഡുക്കളായി അനുവദിക്കുവാൻ തീരുമാനിച്ച പ്പോൾ തന്നെ പെൻഷൻകാർക്ക് ഏറെ മനോ വിഷമമുണ്ടാക്കിയതാണ്. എന്നാൽ അനുവദിച്ച ഒന്നാം ഗഡുവായ 25%തുക ലഭിക്കുമെന്നു പ്രതീക്ഷിച്ചിരിക്കേ അതിൽ നിന്നും ഒരു ശതമാനം കുറഞ്ഞപ്പോൾ ഏറെ മനോവിഷമമുണ്ടാക്കി.

ആയതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ 03-06-2024-ലെ കെ.എസ്.എസ്.സി/152/2024 എ2 നമ്പർ കത്തിനോടൊപ്പം ബഹു: സെക്രട്ടറി സർക്കാരിലേക്ക് അയച്ച സ്റ്റേറ്റുമെന്റിൽ ഏതാനും പെൻഷൻകാരുടെ പേരുകൾ ഉൾപ്പെട്ടിരുന്നില്ലെന്നും, അപ്രകാരം ഉൾപ്പെടാതെ പോയ പെൻഷൻകാർക്കു നൽകുന്നതിനായിട്ടാണ് 1% തുക വീതം കുറച്ചു നൽകിയത് എന്നുമറിയുവാൻ കഴിഞ്ഞു.

എന്നാൽ സൂചന 1-ലെ സ.ഉ.(കൈ)നം.2/2025/S&YA തീയതി: തിരുവനന്തപുരം: 19-04-2025 പ്രകാരം അനുവദിച്ച 11,28,15,304 രൂപക്ക് അർഹമായവരുടെ ബഹു: സെക്രട്ടറി സർക്കാരിലേക്ക് അയച്ച സ്റ്റേറ്റുമെന്റിൽ ഏതാനും ചിലർ ഉൾപ്പെടാതെ പോയത് മന:പൂർവ്വമായിരുന്നില്ലെന്നും, ആയതിനാൽ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർക്ക് അർഹമായ തുക പ്രത്യേകമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്തും സ്റ്റേറ്റുമെന്റും നൽകുന്നതിനു പകരം ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു നൽകുവാനുള്ള 25% തുകയിൽ നിന്നും സർക്കാരിന്റെ മുൻകൂർ അനുമതി വങ്ങാതെ 1% കുറച്ച് ആ തുക ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അനുവദിച്ചു നൽകിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നടപടി നീതീകരിക്കുവാൻ കഴിയുന്നതാണോ?

6. കമ്മ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും
പെൻഷൻ തുകയിൽ നിന്നും റിക്കവറി :

പെൻഷൻ പറ്റിയ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകുന്ന തുക 12 വർഷം കൊണ്ട് അഥവാ 144 മാസത്തെ തുല്യതവണകളായി പെൻഷൻ തുകയിൽ നിന്നും റിക്കവറി ചെയ്യുകയാണ് പതിവ്. 12 വർഷം പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം മുതൽ പെൻഷനർ ആവശ്യപ്പെടാതെ തന്നെ മുഴുവൻ പെൻഷനും നൽകിവന്നിരുന്നു. എന്നാൽ കമ്മ്യൂട്ടേഷൻ കാലാവധി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞ പെൻഷൻകാരുടെ കമ്മ്യൂട്ടേ ഷൻ തുക ഒന്നിലേറെ തവണ കത്തുകൾ നൽകിയിട്ടും ഇപ്പോഴും റിക്കവറി ചെയ്തുകൊണ്ടി രിക്കുന്നു. ഇത് സ്പോർട്സ് കൗൺസിലിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ സംഭവിച്ച ഗുരുതരമായ വീഴ്ചയാണ്. കാലാവധി കഴിഞ്ഞതിനു ശേഷവും റിക്കവറി നടത്തിയ കമ്മ്യൂട്ടേഷൻ തുക തിരികെ നൽകുവാനും, അടിയന്തിരമായി മുഴുവൻ പെൻഷനും അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**6 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ:**

ഈ ഭരണസമിതി അധികാരമേറ്റതിനു ശേഷം ഫിസിക്കലായി 7 എക്സിക്യൂട്ടീവ് യോഗങ്ങളും, ഓൺലൈനായി 3 എക്സിക്യൂട്ടീവ് യോഗങ്ങളും ചേർന്നു. ടി യോഗങ്ങളിലെല്ലാം പ്രതിമാസ പെൻഷൻ വൈകുന്നതും, സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാതെ അനിശ്ചിതമായി നീളുന്നതും, പത്താം ശമ്പള കമ്മീഷൻ കുടിശിക അനുവദിക്കാത്തതും, പതിനൊന്നാം ശമ്പള കമ്മീഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കാത്തതും വിശദമായി ചർച്ചചെയ്തു. യോഗ തീരുമാനപ്രകാരം മുഖ്യ മന്ത്രി, കായിക വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നിവേദനങ്ങളും, ഓർമ്മക്കുറിപ്പുകളും നിരവധി പ്രാവശ്യം നൽകിയിട്ടുള്ളതും, അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടിട്ടുള്ളതുമാണ്.

**7.കത്തിടപാടുകൾ:**

2024-25 കാലയളവിൽ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് 49 കത്തിടപാടുകൾ നടത്തിയിട്ടുള്ളതും, അതിൽ ഭൂരിഭാഗവും പെൻഷൻ ആവശ്യവുമായി ബന്ധപ്പെട്ടിട്ടുള്ളതുമാകുന്നു. ഇതിൽ 5 കത്തുകൾ റിപ്പോർട്ടിനോടൊപ്പം ചേർക്കുന്നു.

**8. മുഖ്യ മന്ത്രി, കായിക വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നിവേദനങ്ങൾ നൽകി.**

ഇതര സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള കമ്മീഷൻ കുടിശിഖ അനുവദിക്കുകയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്കും, പെൻഷൻകാർക്കും നാളിതുവരെയും പത്താം ശമ്പള കമ്മീഷൻ കുടിശിഖ പൂർണ്ണമായി അനുവദിക്കുകയോ, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 18% വരുന്ന ക്ഷാമബത്ത കുടിശ്ശിഖയും നൽകിയിട്ടില്ല. എന്തിനധികം പറയുന്നു, 2 മാസം മുൻപ് അനുവദിച്ച 2 ശതമാനം ക്ഷാമബത്ത പോലും സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കോ, പെൻഷൻകാർക്കോ നാളിതുവരെയും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച പെൻഷൻകാർ ഏറെ കഷ്ടത അനുഭവിക്കുന്നവരാണ്. ഒരു പുരുഷായുസ്സു മുഴുവൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു വേണ്ടി രാവും പകലുമില്ലാതെ കഠിനമായി ജോലി ചെയ്ത് ദേശീയ-അന്തർദ്ദേശീയ- ഒളിമ്പിക് താരങ്ങളെ വാർത്തെടുത്ത് കേരളത്തിന്റെ യശ്ശസ് അന്തർദ്ദേശീയ തലത്തിൽ ഉയർത്തി സർവ്വീസിൽ നിന്നും വിരമിച്ച കായിക പരിശീലകരിലും, ജീവനക്കാരിലും പലരും ഇന്ന് കിടപ്പു രോഗികളും വീൽ ചെയറിനെ ആശ്രയിച്ച് സഞ്ചരിക്കുന്നവരുമാണ്. ഇവരിൽ കാൻസർ രോഗികളും, കരൾ രോഗികളും, കിഡ്നി രോഗികളുമുണ്ട്. അവരുടെ മരുന്നുകൾക്കും, നിത്യ നിദാന ചെലവുകൾക്കും പെൻഷൻ മാത്രമാണ് ആശ്രയം. അറ്റൊരു വരുമാന മാർഗ്ഗവുമില്ലാത്ത പെൻഷൻകാരെ അനുഭാവ പൂർവ്വം പരിഗണിച്ചുകൊണ്ട് അർഹമായ പത്താം ശമ്പള കമ്മീഷൻ കുടിശിഖയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകളും ക്ഷാമബത്ത കുടിശ്ശിഖയും അനുവദിച്ചുകൊണ്ട് മുടങ്ങാതെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9. www.keralasportscouncilpensioners.org എന്നപേരിൽ വെബ്ബ് സൈറ്റ് ലോഞ്ചിംഗ് 2025 നവംബർ 19നു നടക്കും.**


കേരള സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച മുഴുവൻ ജീവനക്കാരുടെയും ഫോട്ടോ, പേരു വിവരങ്ങൾ, ഫാമിലി പെൻഷൻകാരുടെ വിവരങ്ങൾ, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, പത്താം ശമ്പള കമ്മീഷൻ ശുപാർശകൾ, കാലാകാലങ്ങളിലെ പെൻഷൻ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, ഡി.എ. സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ, പതിനൊന്നാം ശമ്പള കമ്മീഷൻ സംബന്ധിച്ച വിവരങ്ങൾ തുടങ്ങി ഒട്ടേറെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരള സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ വെബ്ബ് സൈറ്റിന്റെ ലോഞ്ചിംഗ് 2025 നവംബർ 19ന് തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ വച്ചു ചേരുന്ന വാർഷിക പൊതുയോഗത്തിൽ നടക്കുന്നതാണ്..

# നന്ദി

2014 മുതൽ സർവ്വീസിൽ നിന്നും വിരമിച്ച സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കു ലഭിക്കുവാനുള്ള പെൻഷൻ കുടിശിക, ആനുകൂല്യങ്ങൾ, പത്താം ശമ്പള കമ്മീഷൻ ശുപാർശകൾ എന്നിവ അനുവദിക്കുവാൻ ഉത്തരവിട്ട ബഹു. ഹൈക്കോടതി, തുക അനുവദിച്ചുനൽകിയ സംസ്ഥാന സർക്കാർ, ആദരണീയനായ മുഖ്യമന്ത്രി, ധനകാര്യവകുപ്പു മന്ത്രി, കായിക വകുപ്പു മന്ത്രി, കായിക വകുപ്പു മന്ത്രിയുടെയും , ധനകാര്യ വകുപ്പു മന്ത്രിയുടെയും ആഫീസുകളെ സമീപിക്കുമ്പോൾ വളരെ അനുഭാവ പൂർവ്വം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരിച്ചിട്ടുള്ള ഗവൺമെന്റ് സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, സെക്രട്ടറി, അസ്സി.സെക്രട്ടറി അഡ്മിനിസ്ട്രേഷൻ, അസ്സി.സെക്രട്ടറി അക്കൗണ്ട്സ്, മറ്റു സ്റ്റാഫംഗങ്ങൾ എന്നിവർക്കും, പെൻഷൻ ഫയൽ സ്പോർട്സ് കൗൺസിലിൽ നിന്നും സർക്കാരിലേക്ക് അയക്കുന്നതു മുതൽ അതിനു പുറകെ സഞ്ചരിച്ച്, പെൻഷൻ പാസ്സായി തുക പെൻഷനർമാരുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റാകുന്നതുവരെ എല്ലാ ജോലിത്തിരക്കുകളും മാറ്റി വച്ച് സെക്രട്ടേറിയറ്റിലും, സ്പോർട്സ് കൗൺസിലിലും കയറിയിറങ്ങി പെൻഷനർമാർക്കുവേണ്ടി ആത്മാർത്ഥമായി എന്നോടൊപ്പം പ്രവർത്തിച്ച ജോ. സെക്രട്ടറി എസ്.കെ. ജവഹർ, ഷാജി പി. മുഹമ്മദ്, എന്നിവർക്കും പെൻഷനേഴ്സ് അസോസിയേഷന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ എന്റെ ചുമതല വളരെ കൃത്യമായും സത്യസന്തമായും, ഉത്തരവാദിത്തത്തോടും കൂടി നിർവ്വഹിച്ചു കൊണ്ടു പോകുവാൻ യഥാസമയങ്ങളിൽ എനിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വഴികാട്ടിയായി ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ച ആദരണീയനായ പ്രസിഡന്റ് ശ്രീ. പി. അനിലാൽ, ട്രഷറർ ഡോ: കെ. രാജീവൻ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, വിവിധ ജില്ലകളിൽ നിന്നും എന്നെ മൊബൈൽ ഫോണിൽ വിളിച്ച് നിർദ്ദേശങ്ങൾ നൽകുകയും, പിന്തുണ നൽകുകയും, ചെയ്തിട്ടുള്ള മുഴുവൻ പെൻഷനേഴ്സ് അംഗങ്ങൾ എന്നിവർക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.





പി. അനിലാൽ,
പ്രസിഡന്റ്

സി. ജയൻ
സെക്രട്ടറി

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

| President | Secretary | Treasurer |
| --- | --- | --- |
| P. ANILAL | C. JAYAN | Dr. K. RAJEEVAN |
| Aramana,Adichanelloor P.O. | Nandanam, Kamukarakonam | Rareeram, Vandannoor, |
| Kollam-691573 | Kanyakulangara,Vembayam-695615 | Perumpazhuthur P.O.Pin-695126Mob: |
| Mob: 9446251616 | Mob: 9446174665 | 9495304076 |
| Email: laldood@gmail.com | Email: jayanvbm123@gmail.com | Email: rajeevan.yogadan@gmail.com |


No:KSSCPA/40/2025 Date:16-07-2025

**To**

**ബഹു: സംസ്ഥാന മുഖ്യ മന്ത്രി അവർകൾക്ക്**
**കേരള സർക്കാർ,**
**തിരുവനന്തപുരം-1**

**സർ,**

**വിഷയം: സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും മുടങ്ങുന്നതു സംബന്ധിച്ച്-**

**സൂചന: 1.സ.ഉ.(കൈ) നം.2/2025/S&YA തീയതി:തിരുവനന്തപുരം:19-04-2025**

**2.സ.ഉ.(സാധാ) നം.147/2025/S&YA തീയതി:തിരുവനന്തപുരം:30-05-2025**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ തുടർച്ചയായി മുടങ്ങിയിരിക്കുകയാണ്. മാത്രവുമല്ല, വർഷങ്ങളായി മുടങ്ങിക്കിടന്ന 10-ആം ശമ്പള കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളും, വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 03-06-2024-ലെ കെ.എസ്.എസ്.സി/152/2024 എ2 നമ്പർ കത്തിനോടൊപ്പം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള വിരമിച്ച ജീവനക്കാരുടെ പേരും, ഓരോരുത്തർക്കും നൽകുന്നതിനുള്ള തുകയുടെ വിവരങ്ങളുമടങ്ങുന്ന സ്റ്റേറ്റ്മെന്റു പ്രകാരം ബഹു: മന്ത്രി സഭാ യോഗത്തിൽ അനുവദിച്ചുത്തരവായ 11,28,15,304 രൂപ (പതിനൊന്നു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനഞ്ചായിരത്തി മുന്നൂറ്റി നാലു രൂപ മാത്രം) സൂചന-2ലെ സർക്കാർ ഉത്തരവിൽ പരാമർശം 4-ൽ പറഞ്ഞിട്ടുള്ള കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി 24-04-2025 ൽ KSSC/A1/1768/2024 നമ്പർ കത്തിൽ അഡീഷണൽ ഗ്രാന്റായി 2204-00-104-97-36(NP) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിച്ചു നൽകിയാൽ മാത്രമേ വിരമിച്ച ജീവനക്കാർക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമുള്ളു എന്നു രേഖാ മൂലം അറിയിച്ചിട്ടുള്ളതിനാലാണ് തുക 2204-00-104-97-36(NP) ഹെഡിൽ അനുവദിച്ചത് എന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടു്.**

**സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തം ഓരോരുത്തർക്കും അർഹമായ മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കുവാൻ തൽക്കാലം നിവൃത്തിയില്ലാത്തതിനാൽ ഒരു തവണ 25% തുക വീതം നാലു തവണകളായി മുഴുവൻ തുകയും അനുവദിക്കുന്നതാണെന്നും, ആയതിലേക്ക് ആദ്യ തവണത്തെ 25% തുകയായ 2,82,04,000രൂപ (രു കോടി എൺപത്തിരു ലക്ഷത്തി നാലായിരം രൂപ മാത്രം) 2204-00-104-97-36(NP) എന്ന ഹെഡിൽ അനുവദിച്ചത്. ടി തുക സൂചന 2-ലെ സർക്കാർ ഉത്തരവ് നമ്പർ: സ.ഉ. (സാധാ) നം.147/2025/S&YA തീയതി: തിരുവനന്തപുരം: 30-05-2025-ൽ പരാമർശം 1-ൽ**

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob:
9495304076
Email: rajeevan.yogadan@gmail.com


---

പറഞ്ഞിട്ടുള്ള 30-05-2024-ലെ കെ.എസ്.എസ്.സി/എഫ്-2/2427/2022 നമ്പർ കത്തിനോടൊപ്പം ബഹു: സെക്രട്ടറി സർക്കാരിലേക്ക് അയച്ച സ്റ്റേറ്റ്മെന്റുപ്രകാരം അനുവദിക്കേതാണെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടു.. എന്നാൽ തുക അനുവദിച്ചു വന്നപ്പോൾ 24% തുക വീതം മാത്രമാണ് പെൻഷൻകാർക്കു ലഭിച്ചത്. സമീപ കാലത്ത് വിരമിച്ച പലർക്കും 24%ലും വളരെ കുറഞ്ഞ തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നും അറിയുവാൻ കഴിഞ്ഞു. സർക്കാർ നിർദ്ദേശിച്ച 25% തുകക്കു പകരമായി 24% തുക നൽകിയതിനാലാണ് സ്പോർട്സ് കൗൺസിൽ നൽകിയ വിനിയോഗ സർട്ടിഫിക്കറ്റ് ഫൈനാൻസ് വകുപ്പ് അംഗീകരിക്കാതെ ക്വറിയിട്ടു മടക്കിയത് എന്നും ആറിയാൻ കഴിഞ്ഞു.

മറിച്ച് പെൻഷൻ ആനുകൂല്യങ്ങളും, പത്താം ശമ്പള കമ്മീഷൻ കുടിശികയും പെൻഷൻ ഹെഡ് ഓഫ് അക്കൗിൽ അനുവദിക്കാതെ മറ്റൊരു ഹെഡിൽ അനുവദിച്ചിരുന്നുവെങ്കിൽ പെൻഷൻ അനുവദിക്കുന്നതിന് ഇപ്രകാരം ഒരു പ്രതിസന്ധി ഉാകുമായിരുന്നില്ല. സ്പോർട്സ് കൗൺസിൽ സെക്രട്ടറി 24-04-2025 ൽ KSSC/അ1/1768/2024 നമ്പർ കത്തിൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി സർക്കാർ അഡീഷണൽ ഗ്രാന്റായി അനുവദിക്കുന്ന 11,28,15,304 രൂപ 2204-00-104-97-36(NP) എന്ന ഹെഡ് ഓഫ് അക്കൗിൽ അനുവദിച്ചു നൽകിയാൽ മാത്രമെ വിരമിച്ച ജീവനക്കാർക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമുള്ളു എന്നു രേഖാ മൂലം സെക്രട്ടറി സർക്കാരിനു കത്തു നൽകിയതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്.

സ്പോർട്സ് കൗൺസിലിന്റെ നിരുത്തരവാദിത്തപരമായ ഈ പ്രവർത്തനം നിമിത്തം വെട്ടിലായത് പാവപ്പെട്ട 200ൽ പരം വരുന്ന സ്പോർട്സ് കൗൺസിൽ പെൻഷൻ കാരാണ്.

ആനുകൂല്യങ്ങൾ നൽകുന്നതിനു വേി ആദ്യ ഗഡുവായി സർക്കാർ അനുവദിച്ച 2,82,04,000രൂപ (രണ്ടു കോടി എൺപത്തി രണ്ടു ലക്ഷത്തി നാലായിരം രൂപ) യുടെ വിനിയോഗ സർട്ടിഫിക്കറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും കുറ്റമറ്റ രീതിയിൽ നൽകാത്തതു മൂലം മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ഫയൽ ക്വറിയിട്ടു മടക്കി. ഇപ്പോൾ ജൂലൈ മാസത്തെയും പെൻഷൻ കുടിശികയാണ്. 5 ദിസം കൂടി കഴിഞ്ഞാൽ ആഗസ്റ്റു മാസത്തെയും പെൻഷൻ മുടങ്ങുന്നു. കനത്ത മഴക്കാലം, അസുഖങ്ങൾ, സ്ക്കൂൾ കോളേജുകൾ തുറന്നു പ്രവർത്തനം ആരംഭിച്ച സമയം ഈ പ്രതികൂല സാഹചര്യങ്ങളിലാണ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർ കടന്നു പോകുന്നത്. തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് ഇപ്പോൾ പെൻഷൻകാർ പെൻഷൻ ലഭിക്കാതെ ഇപ്പോൾ കഷ്ടപ്പെടുന്നത്.

എന്നാൽ കൗൺസിലിലെ ജീവനക്കാരുടെ വേതനം കൃത്യമായി എല്ലാ മാസവും ആദ്യവാരം തന്നെ മുടക്കം കൂടാതെ ലഭിക്കുന്നു. മുൻകാലങ്ങളിൽ സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്ക് എല്ലാ മാസവും ഒന്നാം തീയതി പകൽ 2 മണിക്കു മുൻപ് മുടങ്ങാതെ പെൻഷൻ ലഭിച്ചിരുന്നു എന്നതും പ്രത്യേകം എടുത്തു പറയേണ്ടതു്.

ആയതിനാൽ സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ മെയ്,ജൂൺ,ജൂലൈ മാസങ്ങളിലെ പെൻഷനും, ശേഷിക്കുന്ന ആനുകൂല്യങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതോടൊപ്പം തുടർന്നുള്ള മാസങ്ങളിൽ പ്രതിമാസ പെൻഷൻ മുടങ്ങാതെ എല്ലാ മാസവും ഒന്നാം തീയതി തന്നെ ലഭ്യമാക്കുവാൻ അങ്ങയുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാവണമെ എന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

പി.അനിലാൽ
പ്രസിഡന്റ്

# KERALA SPORTS COUNCIL PENSIONERS ASSOCIATION


SKV, General Post Office, Thiruvananthapurram-695 001

| President | Secretary | Treasurer |
|---|---|---|
| P. ANILAL | C. JAYAN | Dr. K. RAJEEVAN |
| Aramana,Adichanelloor P.O. Kollam-691573 | Nandanam, Kamukarakonam Kanyakulangara,Vembayam-695615 | Rareeram, Vandannoor, Perumpazhuthur P.O.Pin-695126Mob: 9495304076 |
| Mob: 9446251616 | Mob: 9446174665 | |
| Email: laldood@gmail.com | Email: jayanvbm123@gmail.com | Email: rajeevan.yogadan@gmail.com |


**KSSCPA/42/2025** **01-08-2025**

**To**

സെക്രട്ടറി,
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
തിരുവനന്തപുരം-1

സർ,

വിഷയം: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്ക് പെൻഷൻ തുക അനുവദിക്കുന്ന 2204-00-104-97-36 ഹെഡിൽ പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങളുടെ തുകയും അനുവദിച്ചതു സംബന്ധിച്ച്-

സൂചന: സർക്കാർ ഉത്തരവ് (സാധാ)147/2025/S&YA തീയതി തിരുവനന്തപുരം 30-05-2025.

സൂചനയിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി അനുവദിച്ച 11,28,15,304 രൂപ അഡീഷണൽ ഗ്രാന്റായി 2204-00-104-97-36 (NP) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിച്ചു നൽകണമെന്നു കാണിച്ച് സർക്കാർ ഉത്തരവിലെ പരാമർശം (4) പ്രകാരം സ്പോർട്സ് കൗൺസിൽ സെക്രട്ടറി കത്തു നൽകിയിരുന്നതിനാലാണ് പെൻഷൻ ഹെഡിൽ തന്നെ ആനുകൂല്യങ്ങളുടെ തുകയും അനുവദിച്ചത് എന്നാണ് കായിക വകുപ്പിൽ നിന്നുമറിഞ്ഞത്. ആയതിനാലാണ് ആദ്യം നൽകിയ ആനുകൂല്യങ്ങളുടെ യു.സി ലഭിക്കുന്ന മുറക്ക് പെൻഷനും, പിന്നീടു പെൻഷന്റെ യു.സി. നൽകുന്നന്ന മുറക്ക് ആനുകൂല്യങ്ങളും ഇടവിട്ട മാസങ്ങളിലായി വന്നത്. പെൻഷൻ 4 മാസം കുടിശിക വന്നതും ഇക്കാരണത്താൽ തന്നെയാണ്. 11,28,15,304 രൂപയുടെ ആനുകൂല്യ ങ്ങൾക്കായി മറ്റൊരു ഹെഡ് അനുവദിക്കണമെന്ന് സെക്രട്ടറി കത്തു നൽകിയാൽ ഹെഡ് മാറ്റിത്തരാം എന്ന് കായിക വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ 11,28,15,304 രൂപയുടെ ആനുകൂല്യങ്ങൾക്കായി മറ്റൊരു ഹെഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്തു നൽകുമാറാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സി.ജയൻ

പകർപ്പ്: 1. പ്രസിഡന്റ്
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-
2.വൈസ്-പ്രസിഡന്റ്
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

| President | Secretary | Treasurer |
| --- | --- | --- |
| P. ANILAL | C. JAYAN | Dr. K. RAJEEVAN |
| Aramana,Adichanelloor P.O. Kollam-691573 | Nandanam, Kamukarakonam Kanyakulangara,Vembayam-695615 | Rareeram, Vandannoor, Perumpazhuthur P.O.Pin-695126Mob: 9495304076 |
| Mob: 9446251616 | Mob: 9446174665 | |
| Email: laldood@gmail.com | Email: jayanvbm123@gmail.com | Email: rajeevan.yogadan@gmail.com |


**ഉള്ളടക്കം: ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ്**

KSSCPA/43/2025 06-08-2025

**To**

**ശ്രീ. വി. അബ്ദുറഹിമാൻ**
**ബഹു: കായിക വകുപ്പു മന്ത്രി,**
**കേരള സർക്കാർ, തിരുവനന്തപുരം-1**

**സർ,**

**വിഷയം: സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതു സംബന്ധിച്ച്-**

**സൂചന: 1.സ.ഉ.(കൈ) നം.2/2025/S&YA തീയതി:തിരുവനന്തപുരം:19-04-2025**

**2.സ.ഉ.(സാധാ) നം.147/2025/S&YA തീയതി:തിരുവനന്തപുരം:30-05-2025**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ മെയ്,ജൂൺ,ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ തുടർച്ചയായി മുടങ്ങിയിരിക്കുകയാണ്. മാത്രവുമല്ല, 10-ആം ശമ്പള കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളും, വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി ബഹു: കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും, ബഹു സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനപ്രകാരവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി സൂചന 1-ലെ പരാമർശം 4-നോടൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 11,28,15,304 രൂപ (പതിനൊന്നു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റി നാലു രൂപ മാത്രം) സർക്കാരിൽ നിന്നും അനുവദിച്ചുത്തരവായി. ഈ തുക സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം പെൻഷൻകാർക്ക് വിതരണം ചെയ്യുന്നതിൽ സ്പോർട്സ് കൗൺസിലിന് വീഴ്ച സംഭവിച്ചു എന്നു കരുതുന്നു.**

**ആകെ നൽകുവാനുള്ള ആനുകൂല്യങ്ങളുടെ 25% തുക അനുവദിച്ചു.**

**സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തം ഓരോരുത്തർക്കും അർഹമായ മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കുവാൻ തൽക്കാലം നിവൃത്തിയില്ലാത്തതിനാൽ ഒരു തവണ 25% തുക വീതം നാലു തവണകളായി മുഴുവൻ തുകയും അനുവദിക്കുന്നതാണെന്നും, ആയതിലേക്ക് ആദ്യ തവണത്തെ 25% തുകയായ 2,82,04,000രൂപ (രണ്ടു കോടി എൺപത്തിരണ്ടു ലക്ഷത്തി നാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതായും ടി തുക സൂചന 2-ലെ സർക്കാർ ഉത്തരവ് നമ്പർ: സ.ഉ.(സാധാ) നം.147/2025/S&YA തീയതി:തിരുവനന്തപുരം:30-05-2025-ൽ പരാമർശം 1-ൽ പറഞ്ഞിട്ടുള്ള 30-05-2024-ലെ കെ.എസ്.എസ്.സി/എഫ്-2/2427/2022 നമ്പർ കത്തിനോടൊപ്പം ബഹു: സെക്രട്ടറി സർക്കാരിലേക്ക് അയച്ച സ്റ്റേറ്റ്മെന്റുപ്രകാരം അനുവദിക്കേണ്ടതാണെന്ന് പ്രത്യേകം**

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob: 9495304076
Email: rajeevan.yogadan@gmail.com

നിർദ്ദേശിച്ചിട്ടുണ്ട്.. എന്നാൽ തുക അനുവദിച്ചു വന്നപ്പോൾ 24% തുക വീതം മാത്രമാണ് അനുവദിച്ചത്. സമീപ കാലത്ത് വിരമിച്ച പലർക്കും 24%ലും വളരെ കുറഞ്ഞ തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നും അറിയുവാൻ കഴിഞ്ഞു.

**4 മാസത്തെ പെൻഷനും രണ്ടാം ഗഡു പെൻഷൻ ആനുകൂല്യങ്ങളും മുടങ്ങി**

എന്നാൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം കുറ്റമറ്റ രീതിയിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കാത്തതു മൂലം മെയ്, ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പെൻഷനും, രണ്ടാം ഗഡു ആനുകൂല്യങ്ങളും മുടങ്ങിയിരിക്കുകയാണ്.

**ശമ്പളവും ഹോണറേറിയവും മുടങ്ങാതെ ലഭിക്കുന്നു.**

എന്നാൽ സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ശമ്പളവും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാർ എന്നിവരുടെ ഹോണറേറിയം എന്നിവ കുടിശിക കൂടാതെ യഥാസമയം ലഭിക്കുകയും ചെയ്യുന്നു.

**സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പളകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുക.**

മുഴുവൻ സർക്കാർ ജീവനക്കാരും പെൻഷൻകാരും പതിനൊന്നാം ശമ്പളകമ്മീഷൻ ശുപാർശ പ്രകാരമുള്ള ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും വാങ്ങിത്തുടങ്ങിയിട്ട് 5 വർഷങ്ങൾ കഴിഞ്ഞു. പന്ത്രണ്ടാം ശമ്പള കമ്മീഷൻ നടപ്പിലാക്കണമെന്ന ആവശ്യവും ഉയർന്നു കഴിഞ്ഞു. ആയതിനാൽ സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പളകമ്മീഷൻ ശുപാർശപ്രകാരമുള്ള ശമ്പളവും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും അടിയന്തിരമായി നടപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമാറാകണമെന്ന് അങ്ങയോട് അപേക്ഷിക്കുന്നു.

**സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ എണ്ണം കുറഞ്ഞു.**

പരിചയസമ്പന്നരായ ജീവനക്കാരുടെ അഭാവം ഒന്നുകൊണ്ടുമാത്രമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നു കരുതുന്നു. അല്ലെങ്കിൽ പെൻഷൻകാരോടുള്ള ഉദാസീനമായ നിലപാട്. സർക്കാർ ഗ്രാന്റുകൊണ്ടു മാത്രം പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിൽ ഓഫീസിൽ പരിചയ സമ്പന്നരായ മുപ്പതോളം ജീവനക്കാർ ഉണ്ടായിരുന്നു. സ്പോർട്സ് കൗൺസിൽ ഭരണനിർവ്വഹണം കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് ഇവർക്കു കഴിഞ്ഞിരുന്നു. ഈ കാലഘട്ടത്തിൽ സ്ക്കൂൾ കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് അക്കാഡമികൾ എന്നിവ മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്നു. ദേശീയ അന്തർദ്ദേശീയ തലത്തിൽ കേരള കായിക താരങ്ങൾ നേട്ടങ്ങൾ കൊയ്തു ശ്രദ്ധേയരായി.

KERALA SPORTS COUNCIL PENSIONERS ASSOCIATION
SKV, General Post Office, Thiruvananthapurram-695 001

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob: 9495304076
Email: rajeevan.yogadan@gmail.com

എന്നാൽ ഇന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം അര ഡസനിലും താഴെയായി ചുരുങ്ങിയിരിക്കുന്നു. ഡയ്‌ലി വെയ്ജ്-കോൺട്രാക്ട്, ഡെപ്യൂട്ടേഷൻ ജീവനക്കാരാണ് ഭൂരിഭാഗവും. ഇവർക്ക് സ്പോർട്സ് കൗൺസിലിന്റെ ദൈനംദിന ഭരണം കുറ്റമറ്റ വിധത്തിൽ നിർവ്വഹിച്ചു പോവാൻ പരിചയക്കുറവു മൂലം കഴിയാതെയും വരുന്നു. അക്കൗണ്ട്സ് അസ്സി: സെക്രട്ടറിയുടെ സീറ്റു ഒഴിഞ്ഞു കിടക്കുന്നു. ഒഴിഞ്ഞു കിടന്ന അഡ്മിനിസ്ട്രേഷൻ അസ്സി:സെക്രട്ടറിയുടെ തസ്തികയിലേക്ക് കഴിഞ്ഞ ദിവസം നിയമനം നടന്നിട്ടുണ്ട്.

ഭരണ നിർവ്വഹണത്തിലുള്ള ജീവനക്കാരുടെ അറിവില്ലായ്മ ദൈനംദിന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നു. സെക്ഷൻ ക്ലാർക്കിന് സംഭവിച്ച തെറ്റ് സൂപ്രണ്ട്, അസ്സി:സെക്രട്ടറി എന്നിവർക്ക് തിരുത്താം. ഇവരെല്ലാം പരിശോധിച്ച് ഒപ്പു വച്ച ഫയലിൽ യാതൊരു വിധ പിഴവും ഉണ്ടാവാൻ സാദ്ധ്യതയില്ലാത്തതിനാൽ സെക്രട്ടറിക്ക് ഒപ്പു വയ്ക്കാവുന്നതുമാണ്.

**2011 വരെയുള്ള കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ഘടന**

മുപ്പതോളം ജീവനക്കാർ ഉണ്ടായിരുന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ മുൻപ് അഡ്മിനിസ്ട്രേഷൻ അസ്സി:സെക്രട്ടറി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ പ്രൊമോഷൻ പോസ്റ്റ് ആയിരുന്നു. ഇതുപോലുള്ള സാഹചര്യങ്ങളിൽ കൃത്യമായ തീരുമാനം എടുക്കുന്നതിന് ദീർഘകാലത്തെ പ്രവർത്തന പരിചയം കൊണ്ട് അഡ്മിനിസ്ട്രേഷൻ അസ്സി:സെക്രട്ടറിക്കു കഴിഞ്ഞിരുന്നു. അക്കൗണ്ട്സ് അസ്സി: സെക്രട്ടറിയായി ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ അണ്ടർ സെക്രട്ടറിമാരിൽ നിന്നും ഒരാളെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയായിരുന്നു പതിവ്. കൂടാതെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) എന്ന തസ്തികയിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, അസ്സി: സെക്രട്ടറിമാർ തുടങ്ങിയവർക്ക് ഉപദേശങ്ങൾ നൽകുന്നതിനായി ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ജോയിന്റ് സെക്രട്ടറിയായി വിരമിച്ച ഒരാളെ കോൺട്രാക്ടായും നിയമിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഇതുപോലെ യാതൊരുവിധ ക്രമക്കേടും സംഭവിച്ചിരുന്നില്ല.

**കമ്മ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും പെൻഷൻ തുകയിൽ നിന്നും റിക്കവറി :**

പെൻഷൻ പറ്റിയ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകുന്ന തുക 12 വർഷം കൊണ്ട് അഥവാ 144 മാസത്തെ തുല്യതവണകളായി പെൻഷൻ തുകയിൽ നിന്നും റിക്കവറി ചെയ്യുകയാണ് പതിവ്. 12 വർഷം പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം മുതൽ പെൻഷനർ ആവശ്യപ്പെടാതെ തന്നെ മുഴുവൻ പെൻഷനും നൽകിവന്നിരുന്നു. എന്നാൽ കമ്മ്യൂട്ടേഷൻ കാലാവധി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞ പെൻഷൻകാരുടെ കമ്മ്യൂട്ടേഷൻ തുക ഒന്നിലേറെ തവണ കത്തുകൾ നൽകിയിട്ടും ഇപ്പോഴും റിക്കവറി ചെയ്തുകൊണ്ടിരിക്കുന്നു. എത്രമാത്രം നിരുത്തരവാദപരമായിട്ടാണ് സ്പോർട്സ് കൗൺസിൽ ജീവനക്കാർ

**KERALA SPORTS COUNCIL PENSIONERS ASSOCIATION**

SKV, General Post Office, Thiruvananthapurram-695 001

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob:
9495304076
Email: rajeevan.yogadan@gmail.com

പ്രവർത്തിക്കുന്നത് എന്നു നോക്കു സർ. കാലാവധി കഴിഞ്ഞതിനു ശേഷവും റിക്കവറി നടത്തിയ കമ്മ്യൂട്ടേഷൻ തുക തിരികെ നൽകുവാനും, അടിയന്തിരമായി മുഴുവൻ പെൻഷനും അനുവദിച്ചു നൽകുന്നതിനും ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

## 4 മാസങ്ങളിലെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുക

സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും വളരെ കൃത്യമായി അവർ എഴുതി എടുക്കുന്നുണ്ട്. ആഗസ്റ്റു മാസത്തിലെ ശമ്പളവും ജീവനക്കാർക്ക് അടുത്ത ദിവസം തന്നെ ലഭിക്കും. എന്നാൽ പെൻഷൻകാർക്ക് 4 മാസത്തെ പെൻഷനും സർക്കാർ അനുവദിച്ച പെൻഷൻ ആനുകൂല്യങ്ങളും കുടിശികയാണ്. പെൻഷൻ ഫയലുകൾ യഥാസമയം സ്പോർട്സ് കൗൺസിൽ ആഫീസിൽ നിന്നും നീങ്ങുന്നില്ല. നീങ്ങിയാൽ തന്നെ പെൻഷൻകാർ തന്നെ സെക്രട്ടേറിയേറ്റിൽ കയറിയിറങ്ങണം എന്ന അവസ്ഥയാണ്. ഞങ്ങളെ കാണുന്നതിനോ, ഞങ്ങളുടെ സങ്കടങ്ങൾ കേൾക്കുന്നതിനോ, ഞങ്ങളുടെ ഫോൺ അറ്റൻഡു ചെയ്യുന്നതിനു പോലുമൊ ജീവനക്കാർക്കു താൽപര്യമില്ലാത്തതുപോലെ പെരുമാറുന്നു. ഇത് അതീവ ദു:ഖകരമാണ്.. ഞങ്ങൾ പെൻഷൻകാർ സഹികെട്ടു സർ.

മുടക്കം വന്നിട്ടുള്ള മാസങ്ങളിലെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ അങ്ങയുടെ ഭാഗത്തു നിന്നും അടിയന്തിര നടപടികൾ സ്വീകരിക്കുമാറാകണമെന്നു അപേക്ഷിക്കുന്നു.

## സ്പോർട്സ് കൗൺസിൽ കിതക്കുകയാണോ?

കായിക മേഖലയിൽ ഇന്ന് നാം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലായിക്കൊണ്ടിരിക്കുന്നു. സർക്കാരിന്റെ നയമനുസരിച്ച് കായിക മേഖലയെ ഊർജ്ജസ്വലതയോടെ മുന്നോട്ടു നയിക്കേണ്ടതായ സംസ്ഥാന സ്പോർട്സ് കൗൺസിൽ അതിനു കഴിയാതെ കിതക്കുകയാണ് എന്ന് കേരള കായിക മേഖലയിലെ അരനൂറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയേണ്ടിയിരിക്കുന്നു. സ്ക്കൂൾ-കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് അക്കാഡമികൾ, കായിക സംഘടനകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ എന്നിവ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഇന്നത്തെ സംവിധാനം പരാജയപ്പെട്ടിരിക്കുന്നു. സർക്കാരിൽ നിന്നും ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിലേക്ക് നൽകുന്നതിനും അടുത്ത ഗഡു തുക അനുവദിപ്പിച്ചെടുക്കുന്നതിനും കൗൺസിലിന് കഴിയാതെ വരുന്നതും ഹോസ്റ്റലുകളെ പ്രതിസന്ധിയിലാക്കുന്നു. എല്ലാക്കാലത്തും കായിക മേഖലയെ ചേർത്തു നിറുത്തിയിട്ടു ള്ളതും കായിക മേഖലയിൽ നൂതന പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുള്ളതുമാണ് ഇടതുപക്ഷ സർക്കാരുകൾ. നമുക്ക് അതു തുടരുകതന്നെ വേണം. കേരളത്തെ ശക്തിപ്പെടുത്തണം

KERALA SPORTS COUNCIL PENSIONERS ASSOCIATION
SKV, General Post Office, Thiruvananthapurram-695 001

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob:
9495304076
Email: rajeevan.yogadan@gmail.com

## കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ സ്പോർട്സ് ഡയറക്ടറേറ്റിൽ ലയിപ്പിക്കുക

കേരള കായിക മേഖലയെ രക്ഷിക്കുന്നതിന്, കായിക മേഖല കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നതിന്, അതുവഴി കേരള കായിക മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് സർക്കാരിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി സർക്കാർ ഇടപെടേണ്ട സമയമാണിത്. കായിക മേഖല സർക്കാരിന്റെ നയമനുസരിച്ചു പ്രവർത്തിക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനേയും, ജീവനക്കാരേയും, പെൻഷൻകാരേയും ഉൾപ്പെടെ സംസ്ഥാന കായിക ഡയറക്ടറേറ്റുമായി ലയിപ്പിച്ചുകൊണ്ട് നേരിട്ടു സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരണം. ജില്ലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകളെ സംസ്ഥാന കായിക ഡയറക്ടറേറ്റിന്റെ കീഴിലുള്ള ജില്ലാ തല ആഫീസുകളായി പ്രവർത്തിപ്പിച്ചുകൊണ്ട് ജില്ലാ തലങ്ങളിൽ സ്പോർട്സ് അക്കാഡമികൾ, സ്ഥാപിക്കുകയും, സ്ക്കൂൾ കോളേജ് സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ട് കേരള കായിക മേഖലയെ രക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമാറാകണമെന്ന് അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പി. അനിലാൽ
പ്രസിഡന്റ്

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

| President | Secretary | Treasurer |
|---|---|---|
| P. ANILAL | C. JAYAN | Dr. K. RAJEEVAN |
| Aramana,Adichanelloor P.O. Kollam-691573 | Nandanam, Kamukarakonam Kanyakulangara,Vembayam-695615 | Rareeram, Vandannoor, Perumpazhuthur P.O.Pin-695126Mob: 9495304076 |
| Mob: 9446251616 | Mob: 9446174665 | |
| Email: laldood@gmail.com | Email: jayanvbm123@gmail.com | Email: rajeevan.yogadan@gmail.com |


KSSCPA/45/2025 17-09-2025

To

**ശ്രീ. കെ. എൻ. ബാലഗോപാൽ,ബഹു: ധനകാര്യ വകുപ്പു മന്ത്രി ,**
**കേരള സർക്കാർ, തിരുവനന്തപുരം-1**

**സർ,**

**വിഷയം: സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതു സംബന്ധിച്ച്-**

**സൂചന:1.സ.ഉ.(കൈ) നം.2/2025/S&YA തീയതി:തിരുവനന്തപുരം:19-04-2025**

**2.സ.ഉ.(സാധാ) നം.147/2025/S&YA തീയതി:തിരുവനന്തപുരം:30-05-2025**

**10-ആം ശമ്പള കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി ബഹു: കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും, ബഹു സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനപ്രകാരവും സൂചന 1-ൽ പറഞ്ഞിട്ടുള്ള സർക്കാർ ഉത്തരവിലെ പരാമർശം 4-നോടൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 11,28,15,304 രൂപ (പതിനൊന്നു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റി നാലു രൂപ മാത്രം) സർക്കാരിൽ നിന്നും അനുവദിച്ചുത്തരവായിട്ടുള്ളതാണല്ലോ.**

**സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തം ഓരോരുത്തർക്കും അർഹമായ മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കുവാൻ തൽക്കാലം നിവൃത്തിയില്ലാത്തതിനാൽ ഒരു തവണ 25% തുക വീതം നാലു തവണകളായി മുഴുവൻ തുകയും അനുവദിക്കുന്നതാണെന്നും, ആയതിലേക്ക് ആദ്യ തവണത്തെ 25% തുകയായ 2,82,04,000രൂപ (രണ്ടു കോടി എൺപത്തിരണ്ടു ലക്ഷത്തി നാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതായും ടി തുക സൂചന 2-ലെ സർക്കാർ ഉത്തരവ് നമ്പർ: സ.ഉ.(സാധാ) നം.147/2025/S&YA തീയതി:തിരുവനന്തപുരം:30-05-2025-ൽ പരാമർശം 1-ൽ പറഞ്ഞിട്ടുള്ള 30-05-2024-ലെ കെ.എസ്.എസ്.സി/എഫ്-2/2427/2022 നമ്പർ കത്തിനോടൊപ്പം ബഹു: സ്പോർട്സ് കൗൺസിലിൽ സെക്രട്ടറി സർക്കാരിലേക്ക് അയച്ച സ്റ്റേറ്റ്മെന്റുപ്രകാരം അനുവദിക്കേണ്ടതാണെന്നും, ഉത്തരവിൽ പറയുന്നു. എന്നാൽ ഒന്നാം ഗഡുവായി 2025 ജൂലൈ മാസത്തിൽ 24% തുക മാത്രമാണ് സ്പോർട്സ് കൗൺസിലിൽ നിന്നും അനുവദിച്ചത്. ആഗസ്റ്റിൽ രണ്ടാം ഗഡുവും, സെപ്തംബറിൽ മൂന്നാം ഗഡുവും ലഭിക്കേണ്ടതായിരുന്നു. ആയതിനാൽ ഒന്നാം ഗഡു അനുവദിച്ചപ്പോൾ കുറവു വന്ന 1% തുക കൂടി ചേർത്ത് രണ്ടാം ഗഡുവായി 26% (25+1) തുക അനുവദിക്കണമെന്നും, ഒക്ടോബറിൽ നാലാം ഗഡു അനുവദിക്കേണ്ടതുള്ളതിനാൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ലഭിക്കേണ്ടതായ ആനുകൂല്യങ്ങളുടെ മൂന്നും നാലും ഗഡുക്കൾ ഒരുമിച്ച് അനുവദിച്ചു നൽകുമാറാകണമെന്നും അഭ്യർത്ഥിക്കുന്നു.**

**വിശ്വസ്തതയോടെ,**

**(പി. അനിലാൽ, പ്രസിഡന്റ്)**

**പകർപ്പ്: 1.ശ്രീ. വി. അബ്ദുറബ്മാൻ**
**ബഹു:കായിക വകുപ്പു മന്ത്രി, കേരള സർക്കാർ,**
**തിരുവനന്തപുരം-1**
**2. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1**

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

| President | Secretary | Treasurer |
|---|---|---|
| P. ANILAL | C. JAYAN | Dr. K. RAJEEVAN |
| Aramana,Adichanelloor P.O. | Nandanam, Kamukarakonam | Rareeram, Vandannoor, |
| Kollam-691573 | Kanyakulangara,Vembayam-695615 | Perumpazhuthur P.O.Pin-695126Mob: |
| Mob: 9446251616 | Mob: 9446174665 | 9495304076 |
| Email: laldood@gmail.com | Email: jayanvbm123@gmail.com | Email: rajeevan.yogadan@gmail.com |


**KSSCPA/48/2025** **22-10-2025**

**To**

ശ്രീ. വിഷ്ണുരാജ് പി., ഐ.എ.എസ്.,
സെക്രട്ടറി,
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ,
തിരുവനന്തപുരം.

സർ,

വിഷയം::-പെൻഷൻ ആനുകൂല്യങ്ങളും, പത്താം **ശമ്പള** പരിഷ്ക്കരണ കുടിശ്ശിക വിതരണ**വും** സംബന്ധിച്ച്.

സൂചന :- **1.** ബഹു:: കേരള ഹൈക്കോടതിയുടെ **WP(C) No. 22511/2022** ൻമേലുള്ള **27-07-2023** ലെ വിധിന്യായം.

**2.** കായിക യുവജനകാര്യ (എ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ **19-04-2025** ലെ സ.ഉ.(കൈ) നം **2 / 2025/ S &YA** നമ്പർ സർക്കാർ ഉത്തരവ്.

**3. 30-05-2025** ലെ കായിക യുവജനകാര്യ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സ.ഉ.(സാധാ) നം **147 / 2025/ S &YA** നമ്പർ സർക്കാർ ഉത്തരവ്.

**4. 17 -10 -2025** ലെ കായിക യുവജനകാര്യ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സ.ഉ.(സാധാ) നം: **264/ 2025/ S &YA** നമ്പർ സർക്കാർ ഉത്തരവ്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ദീർഘകാലത്തെ സേവനത്തിന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് (പെൻഷൻകാർക്ക്) പെൻഷൻ ആനുകൂല്യങ്ങളും, പത്താം **ശമ്പള** പരിഷ്ക്കരണ കുടിശ്ശികയും ലഭിക്കാത്ത സാഹചര്യത്തിൽ പെൻഷൻകാർ ബഹു: ഹൈക്കോടതിയിൽ സൂചന **1** പ്രകാരം നൽകിയ റിട്ട് പെറ്റീഷനിലെ വിധിന്യായത്തി**ന്റെ**യും, കേരള സർക്കാർ ക്യാബിനറ്റ് യോഗ തീരുമാനത്തി**ന്റെ**യും അടിസ്ഥാനത്തിൽ സൂചന **2** സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങളും, പത്താം **ശമ്പള** പരിഷ്ക്കരണ കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി **11,28,15,304/-** അനുവദിക്കുകയുണ്ടായി. സൂചന: **3** സർക്കാർ ഉത്തരവ് പ്രകാരം, സൂചന **1 ലെ** സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുകയുടെ ഒന്നാം ഗഡുവായ**25 %** തുകയായ **2,82,04,000/-**രൂപ (രണ്ട് കോടി എൺപത്തി

# KERALA SPORTS COUNCIL PENSIONERS ASSOCIATION

SKV, General Post Office, Thiruvananthapurram-695 001

President
P. ANILAL
Aramana,Adichanelloor P.O.
Kollam-691573
Mob: 9446251616
Email: laldood@gmail.com

Secretary
C. JAYAN
Nandanam, Kamukarakonam
Kanyakulangara,Vembayam-695615
Mob: 9446174665
Email: jayanvbm123@gmail.com

Treasurer
Dr. K. RAJEEVAN
Rareeram, Vandannoor,
Perumpazhuthur P.O.Pin-695126Mob:
9495304076
Email: rajeevan.yogadan@gmail.com


രണ്ട് ലക്ഷത്തി നാലായിരം രൂപാ മാത്രം) പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങളും, പത്താം **ശമ്പള** പരിഷ്ക്കരണ കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് അനുവദിച്ചു നൽകുകയുണ്ടായി.

സൂചന-**3 ലെ** സർക്കാർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അനുവദിച്ച **25 %** തുകയിൽ**,** സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും പെൻഷൻകാർക്ക് ലഭിക്കേണ്ട**തായ** പെൻഷൻ ആനുകൂല്യങ്ങൾ, പത്താം **ശമ്പള** പരിഷ്ക്കരണ കുടിശ്ശിക എന്നീ ഇനത്തിൽ **21-6-2025** ന് പെൻഷൻകാരുടെ അക്കൗണ്ടുകളിൽ മേൽ ഇനങ്ങളിൽ പെൻഷൻകാർക്ക് ലഭിക്കേണ്ട **തായ 25%** തുകയുടെ സ്ഥാനത്ത് **24 %** തുകകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

എന്നാൽ, സൂചന-4 **ലെ** സർക്കാർ ഉത്തരവിലെ രണ്ടാം പേജിലെ ആദ്യ **ഖണ്ഡി**കയിൽ സർക്കാരിൽ നിന്നും ലഭിച്ച 25% തുക പൂർണ്ണമായി ചെലവഴിക്കുകയുണ്ടായെന്നും പരാമർശിക്കപ്പെട്ടുകാണുന്നു.

ഈ സാഹചര്യത്തിൽ സൂചന **4** പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള **25%** തുകയായ **2,82,04,000/-**രൂപ (രണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി നാലായിരം രൂപാ മാത്രം) സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സർക്കാരിൽ സമർപ്പിച്ചിട്ടുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മുമ്പ് അനുവദിച്ചപ്പോൾ കുറവുവന്ന **1 %** തുകകൂടി ഉൾപ്പെടുത്തി **26%** തുക **അനുവദിച്ചു** നൽകുവാനുള്ള നടപടി കൈക്കൊള്ളണമെന്നും, **സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടായ അശ്രദ്ധ കൊണ്ടു മാത്രം** ആദ്യ ലിസ്റ്റിൽ **ഉൾപ്പെടാതെ പോയ** പെൻഷൻകാരുടെ **പേരും തുക വിവരങ്ങളുമടങ്ങുന്ന ലിസ്റ്റ് എത്രയും വേഗം** പ്രത്യേകമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു അധികതുക **അനുവദിപ്പിച്ചെടുത്ത് പെൻഷൻകാർക്ക് വിതരണം ചെയ്യുന്നതിനുള്ള** തുടർനടപടികൾ **കൈക്കൊള്ളുമാറാകണമെന്നും** അഭ്യർത്ഥിച്ചു കൊള്ളുന്നു.

**പി അനിലാൽ**

**പ്രസിഡന്റ്,**
**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ**

**പകർപ്പ്: 1.അസ്സിസ്റ്റന്റ് സെക്രട്ടറി (അക്കൗണ്ട്സ്)**
**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ,തിരുവനന്തപുരം-1**

**2.അസ്സിസ്റ്റന്റ് സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)**
**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1**

'ഭരണഭാഷ മാതൃഭാഷ'


യു. ഷറഫലി
പ്രസിഡന്റ്
ഫോൺ : 0471 - 2331546, 2325883
ഇ-മെയിൽ : president.kssc@gmail.com

എം.ആർ. രഞ്ജിത്ത്
വൈസ് പ്രസിഡന്റ്
ഫോൺ : 0471 - 2331352 , 2331546
ഇ - മെയിൽ : vicepresident.kssc@gmail.com

വിഷ്ണുരാജ് . പി ഐ എ എസ്
സെക്രട്ടറി
ഫോൺ : 0471 - 2331546
ഇ - മെയിൽ : secretary1.kssc@gmail.com


തിയതി: 22/05/2025

നമ്പർ KSSC/659/2025-G2(2)

ശ്രീ . പി അനിലാൽ
അരമന , അടിച്ചനല്ലൂർ പി ഒ
കൊല്ലം ,691573

സർ,

വിഷയം : കേരള സംസ്ഥാന സ്പോർട്സ് കൌൺസിൽ - പെൻഷണേ ഴ്സ് അസ്സോസിയേഷൻ പ്രസിഡൻറ് ,ബഹു . മുഖ്യമന്ത്രി ക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി നല്കുന്നത് സംബന്ധിച്ച് .

സൂചന : ബഹു. മുഖ്യ മന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച G 3250300561 നമ്പർ അപേക്ഷ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പെൻഷൻകാരുടെ പെൻഷൻ അനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് കേരള സംസ്ഥാന സ്പോർട്സ് കൌൺസിലിൽ നിന്നും പെൻഷൻ അനുവദിച്ച് നല്കുന്നത് . 10 ാം ശമ്പള പരിഷ്കരണ കമ്മീഷൻ അനുകൂല്യങ്ങൾ അനുവദിക്കുന്നതിനായും, 01.07.2014 ന ശേഷം വിരമിച്ചവർക്ക ലഭിക്കേണ്ട DCRG, Commutation, . E.L.Surrender (2/2025/S&YA അനുവദിക്കുന്നതിനായും 19/04/2025 തീയതിയിലെ ഉത്തരവ് പ്രകാരം 11.28,15,304/- രൂപ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട് . പ്രസ്തുത തുക കേരള സംസ്ഥാന സ്പോർട്സ് കൌൺസിൽ അക്കൌണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കുന്നതാണ് . 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്ന സംബന്ധിച്ച് വിഷയം സർക്കാരിന്റെ പരിഗണനയിലാണ് എന്ന വിവരവും ഇതോടൊപ്പം അറിയിക്കുന്നു

വിശ്വസ്തതയോടെ

സെക്രട്ടറി

കോപ്പി : ബഹു . മുഖ്യ മന്ത്രിയുടെ പരാതി പരിഹാര സെൽ

**KERALA STATE SPORTS COUNCIL PENSIONERS ASSOCIATION**

**RECEIPT AND PAYMENT FOR 1/10/2024 TO 30/09/2025**

| S/No | Receipt | Amount | S/No | Payment | Amount |
|---|---|---|---|---|---|
| 1 | **Opening Balance** | | 1 | *Gen body* | **1500.00** |
| | (a) Cash in Bank = 176583.00 | **176583.00** | 2 | *DTP/ Annual Report book* | **15740.00** |
| | (b) Cash in Hand = 3495.00 | **3495.00** | 3 | *Photo copy* | **2182.00** |
| 2 | Subscription details 01/10/2024 to 24/09/2025 | | 4 | *Flex Printing* | **7213.00** |
| | **Receipt No 700 to 819 =** | | | *Stationary Letterpad* | **368.00** |
| | (a) Subscription = 70000.00 | **70000.00** | 5 | *Badge* | **2400.00** |
| | (b) Welfare Fund = 12750.00 | **12750.00** | 6 | *Bed Sheet* | **47382.00** |
| | © Registration = 2250.00 | **2250.00** | 7 | *Photo, Video, Pen drive* | **6000.00** |
| 3 | Bank Interest SBI Tvpm | **2647.00** | 8 | *Lunch/ Breakfast* | **19056.00** |
| 4 | Donation | **1.00** | | *Postage* | **2220.00** |
| 5 | **KSSCE Co Op Society Interest** For FD KSSC Employs Co Op Society interest @ | **73125.00** | 9 | *Web Site Advance* | **10000.00** |
| 6 | Cash Depposit | | 10 | *Welfare Assistatnt* | **40000.00** |
| | | | 11 | *Wreath* | **1100.00** |
| | | | | *KSSCPA Registration/* | **30000.00** |
| | | | | *Adv Fees* | **20000.00** |
| | | | | *Hotel Poorna* | **3590.00** |
| | | | | *Tea Water* | **550.00** |
| | | | | *Memento/ SHAWL* | **10246.00** |
| | | | | *TA* | **3000.00** |
| | | | | | |
| | | | | Cash in Hand | **198.00** |
| | | | | Cash in Bank as on 30-09-2025 | **118106.00** |
| | **Total As on 30/09/2025** | **340851.00** | | **Total As on 30/09/2025** | **340851.00** |

**BALANCE SHEET**

| Sl No | LIABILTIES | AMOUNT | Sl No | ASSETS | AMOUNT |
|---|---|---|---|---|---|
| 1 | | **Nill** | 1 | **(a) FD in KSSC Employees Co - Op Society** | **750000.00** |
| | **TOTAL** | | | **TOTAL** | **750000.00** |

Dr. Rajeevan.K.

**SECRETARY:** **PRESIDENT:** **TREASURER:**

**AUDITOR 1 :** **AUDITOR 2 :**

ഗ്രാന്റ് ഇൻ എയ്ഡ് സർക്കുലർ

## ശമ്പളം മുടങ്ങില്ല; സർക്കുലർ നിയമപരമായ കാരണങ്ങൾ കൊണ്ടെന്നു ധനവകുപ്പ്

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളെ സർക്കാർ കൈവിടില്ലെന്നും ചില സ്ഥാപനങ്ങൾ സർക്കാരിന്റെ അനുമതിയില്ലാതെ സ്വന്തം നിലയ്ക്കു ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നിടത്തു വരെ കാര്യങ്ങൾ എത്തിയതിനാലാണ് നിയന്ത്രണം ഏർപ്പെടുത്തി സർക്കുലർ ഇറക്കേണ്ടി വന്നതെന്നും ധനവകുപ്പ് വൃത്തങ്ങൾ വ്യക്തമാക്കി. സ്പോർട്സ് കൗൺസിൽ സ്വന്തമായി ശമ്പള പരിഷ്കരണം നടപ്പാക്കി. ഇതോടെ, വിരമിച്ച ചില ജീവനക്കാർ കോടതിയിൽ പോയി ഉയർന്ന പെൻഷൻ ആവശ്യപ്പെട്ടു. സർക്കാരിന് ഇതു നൽകേണ്ട ബാധ്യത വന്നു. മറ്റു സ്ഥാപനങ്ങളും ഇത്തരം നടപടികളിലേക്കു നീങ്ങിയാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നില കൂടുതൽ അപകടത്തിലാകും.

ഇത്തരം കേസുകൾ കോടതിയിലെത്തുമ്പോൾ സർക്കാരിന്റെ നില സുരക്ഷിതമാക്കുന്നതിനാണ് ഉത്തരവിറക്കിയത്. എല്ലാ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും ശമ്പള വിതരണത്തിനും മറ്റും സർക്കാർ പണം നൽകുന്നുണ്ട്. ഇതു തുടരും. എന്നാൽ, ഇതൊരു നിയമപരമായ അവകാശമായി ഉന്നയിക്കാൻ കഴിയില്ല. സ്വന്തം നിലയ്ക്കു വരുമാനം ഉറപ്പാക്കി ശമ്പളം നൽകുന്ന ഒട്ടേറെ സ്ഥാപനങ്ങളുണ്ട്. കഴിയുന്നത്ര സ്ഥാപനങ്ങൾ ഈ സാഹചര്യത്തിലേക്കു വരേണ്ടതുണ്ടെന്നും ധനവകുപ്പ് വിശദീകരിച്ചു.

## സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷികം



സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷികം മന്ത്രി വി.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം ▸** സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കാൻ നടപടിയെടുക്കുമെന്ന് മന്ത്രി വി.അബ്ദുറഹ്മാൻ പറഞ്ഞു. സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പി.അനിലാൽ അധ്യക്ഷനായി. പി.രാധാകൃഷ്ണൻ നായർ, ജി.വിദ്യാധരൻ പിള്ള, കെ.ഐ.ഗോപാലകൃഷ്ണ പിള്ള, എം.എം.ജോസഫ് മനയാനി, ബേബി ജോസഫ്, അന്നമ്മ ടൈറ്റസ് തുടങ്ങിയവരെ ആദരിച്ചു. അസോസിയേഷൻ സെക്രട്ടറി സി.വിജയൻ, ട്രഷറർ കെ.രാജീവൻ എന്നിവർ സംസാരിച്ചു.

ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിൽ

## ശമ്പളം മുടങ്ങില്ലെന്ന് മുഖ്യമന്ത്രി

**പാലക്കാട് ▸** സംസ്ഥാനസർക്കാരിന്റെ സഹായധനത്തോടെ (ഗ്രാന്റ് ഇൻ എയ്ഡ്) പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ശമ്പളം മുടങ്ങില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ സ്ഥാപനങ്ങളിലെ ശമ്പളവും പെൻഷനും മറ്റുചെലവുകളും സർക്കാരിന്റെ ബാധ്യതയല്ലെന്ന് ധനവകുപ്പ് വ്യക്തമാക്കിയതായുള്ള വാർത്തകളോട് പ്രതികരിക്കയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ ഇതുവരെയുള്ള രീതി തുടരുമെന്നും അദ്ദേഹം പാലക്കാട്ട് തിരഞ്ഞെടുപ്പു പ്രചാരണ യോഗത്തിൽ പറഞ്ഞു. അത്തരം സ്ഥാപനങ്ങളും സർക്കാരും തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾ ഭദ്രമാക്കാനുള്ള നീക്കം മാത്രമാണ് നടത്തുന്നത്. അവർ അവരുടേതായ സ്വയം പരിശ്രമം നടത്തേണ്ടതുണ്ട്. ആ കാര്യത്തിൽ സർക്കാർ നടപടികളെടുക്കും. അതുമായി ബന്ധപ്പെട്ട ജാഗ്രതപ്പെടുത്തലും നടക്കും. അതിനപ്പുറം ശമ്പളത്തെ ബാധിക്കുന്ന ഒരു കാര്യവുമുണ്ടാവില്ല. എല്ലാവർക്കും ശമ്പളം കൃത്യമായി ലഭിക്കും. ഇതുവരെയുള്ള വഴക്കം തുടരുകതന്നെ ചെയ്യും -മുഖ്യമന്ത്രി പറഞ്ഞു.

### ‘ക്ഷേമ പെൻഷൻ മുടങ്ങില്ല’

ക്ഷേമപെൻഷൻ എല്ലാമാസവും കൃത്യമായി നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുടിശ്ശിക ഒരുഗഡു ഈവർഷം നൽകി. ഒരു ഗഡുകൂടി ഈവർഷം നൽകും. ബാക്കിയുള്ള മൂന്നുഗഡു അടുത്തവർഷം നൽകും. ഇനി കുടിശ്ശികയില്ലാതെ ക്ഷേമപെൻഷൻ നൽകുമെന്നും അദ്ദേഹം പറഞ്ഞു.


















കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
പെൻഷനേഴ്സ് അസോസിയേഷൻ
വാർഷിക പൊതുയോഗം
2024 നവംബർ-14 വ്യാഴാഴ്ച പകൽ 11 മണി

